# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.193 | 03/02/2020-ൽ മറുപടിയ്ക്ക്

**ചെക് പോസ്റ്റുകളിലെ വിജിലൻസ് പരിശോധന**

| **ചോദ്യം**<br>**ശ്രീ.കെ.ബാബു** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| **(എ)** പാലക്കാട് ജില്ലയിലെ മോട്ടോർ വാഹന വകുപ്പിന്റെ വിവിധ അതിർത്തി ചെക് പോസ്റ്റുകളിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ (2019-ജനുവരി മുതൽ) എത്ര തവണയാണ് വിജിലൻസ് പരിശോധന നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | **എ)** 2019 കാലയളവിൽ പാലക്കാട് ജില്ലയിലെ മോട്ടോർ വാഹന വകുപ്പിന്റെ വിവിധ അതിർത്തി ചെക്ക് പോസ്റ്റുകളിലായി 24 പരിശോധനകൾ നടത്തുകയുണ്ടായി. |
| **(ബി)** ഇതുമായി ബന്ധപ്പെട്ട് എത്ര ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | **ബി)** ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററുകൾ കൃത്യമായി അപ് ഡേറ്റ് ചെയ്യാതെയും, വൻ തുകകൾ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി കൈവശം സൂക്ഷിക്കുന്നതായും കണ്ടെത്തി.<br>സർക്കാരിൽ അടയ്ക്കേണ്ട കളക്ഷൻ തുകയിൽ കുറവുള്ളതായി കണ്ടെത്തി.<br>കണക്കിൽ പെടാത്ത പണം ഏജന്റുമാരിൽ നിന്നും കണ്ടെത്തുകയും കൂടാതെ ചെക്ക് പോസ്റ്റുകളിൽ ടാക്സും ഫീസും അടയ്ക്കാനായി വരുന്ന വാഹനങ്ങളിൽ യാതൊരു പരിശോധനയും നടത്തുന്നില്ലായെന്നും കണ്ടെത്തി.<br>വേയിംഗ് ബിൽ ഇല്ലാതെ തന്നെ അമിത ഭാര വാഹനങ്ങൾ കടത്തിവിടുന്നതായി കാണപ്പെട്ടു. |
| **സി)** ക്രമക്കേടുകൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത് എന്ന് വിശദമാക്കുമോ? | **സി)** 12/4/2019 തീയ്യതിയിൽ ഗോപാലപുരം ചെക്ക് പോസ്റ്റിൽ നടത്തിയ പരിശോധനയിലും, 29/7/2019 തീയ്യതിയിൽ വാളയാർ ഇൻ ചെക്ക് പോസ്റ്റിൽ നടത്തിയ പരിശോധനയിലും വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു. സർക്കാരിൽ ലഭ്യമായ 4 റിപ്പോർട്ടുകളിൽ 2 എണ്ണത്തിൽ വിജിലൻസ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ അംഗീകരിച്ചതിൻ പ്രകാരം, ഒരു റിപ്പോർട്ടിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റി അച്ചടക്ക നടപടി എടുക്കുന്നതിനും മറ്റതിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെ സസ്പെൻറ് ചെയ്ത് വകുപ്പുതല നടപടി എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2 എണ്ണം സർക്കാരിന്റെ പരിശോധനയിലുമാണ്. |

സെക്ഷൻ ഓഫീസർ